## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 701** **10-02-2025 - ൽ മറുപടിയ്ക്ക്**

## വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്നവർക്കുള്ള നഷ്ടപരിഹാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഇലക്ട്രിക് ലൈനുകളിൽ നിന്ന് വൈദ്യുതാഘാതമേറ്റ് അപകടം സംഭവിക്കുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | വൈദ്യുതി കമ്പിയിൽ തട്ടി അപകടം സംഭവിക്കുന്ന പൊതുജനങ്ങൾക്ക് കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ വൈദ്യുതി സുരക്ഷാ പദ്ധതി പ്രകാരം ആശ്വാസ ധനസഹായം അനുവദിച്ചു വരുന്നു. ജോലിക്കിടെയുള്ള അപകടത്തിൽ മരണപ്പെടുന്ന ബോർഡ് ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും (പെറ്റി കോൺട്രാക്ട് ജീവനക്കാർ) തൊഴിലാളി നഷ്ടപരിഹാര നിയമം 1923 പ്രകാരം മാസവേതനത്തിന്റെയും വയസ്സ് ഘടകത്തിന്റെയും അടിസ്ഥാനത്തിൽ നഷ്ടപരിഹാരം അനുവദിച്ചു വരുന്നു.<br><br><u>അപകടം സംഭവിയ്ക്കുന്ന പൊതുജനങ്ങൾക്ക് നല്കുന്ന ആശ്വാസധന സഹായം/ നഷ്ടപരിഹാരം</u> :-<br><br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും പൊതുജനങ്ങൾക്കുണ്ടാകുന്ന മാരകവും മാരകമല്ലാത്തതുമായ വൈദ്യുതാപകടങ്ങൾക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിലുള്ള “വൈദ്യുതി സുരക്ഷാ പദ്ധതി’യുടെ വ്യവസ്ഥകൾക്ക് വിധേയമായി താഴെ സൂചിപ്പിയ്ക്കുന്ന ആശ്വാസ ധനസഹായം/ നഷ്ടപരിഹാരം ലഭിയ്ക്കുന്നതിന് അർഹതയുണ്ട്.<br><br>1. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും പൊട്ടി വീണ കമ്പികളിൽ നിന്നും (ഉപഭോക്താവിന്റെ മീറ്റർ പോയിന്റ് വരെ) സംഭവിയ്ക്കുന്ന അപകടങ്ങളിൽ വൈദ്യുതാ ഘാതമേറ്റ് മരണപ്പെടുന്ന പൊതുജനങ്ങളുടെ ആശ്രിതർക്ക് “വൈദ്യുതി സുരക്ഷാ പദ്ധതി’ പ്രകാരമുള്ള ആശ്വാസ ധനസഹായം/ നഷ്ടപരിഹാരമായി പരമാവധി **10 ലക്ഷം** രൂപ ലഭിയ്ക്കുന്നതിന് അർഹതയുണ്ട്.<br><br>2. അശ്രദ്ധ, സൂക്ഷ്മതക്കുറവ്, അറിവില്ലായ്മ എന്നിവ മൂലം കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ |

| | | | |
|---|---|---|---|
| | | | പ്രതിഷ്ഠാപനങ്ങളിൽ നിന്നും വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന പൊതു ജനങ്ങളുടെ ആശ്രിതർക്ക് ‘‘വൈദ്യുതി സുരക്ഷാ പദ്ധതി’ പ്രകാരമുള്ള ആശ്വാസ ധനസഹായം/ നഷ്ടപരിഹാരമായി പരമാവധി **രണ്ട് ലക്ഷം രൂപ** ലഭിയ്ക്കുന്നതിന് അർഹതയുണ്ട്.<br><br>3. മാരകമല്ലാത്ത അപകടം സംഭവിയ്ക്കുന്ന പൊതുജനങ്ങൾക്ക് സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യം ഉണ്ടായാൽ ജില്ലാ മെഡിക്കൽ ബോർഡ് നല്കുന്ന അംഗവൈകല്യത്തിന്റെ ശതമാനം തെളി യിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാ നത്തിൽ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായി (പരമാവധി 10 ലക്ഷം രൂപ) ആശ്വാസ ധനസഹായമായി ലഭിയ്ക്കുന്നതിന് അർഹതയുണ്ട്.<br><br>4. അശ്രദ്ധ, സൂക്ഷ്മതക്കുറവ്, അറിവില്ലായ്മ എന്നിവ മൂലം കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും വൈദ്യുതാഘാതമേറ്റ് മാരകമല്ലാത്ത അപകടം സംഭവിയ്ക്കുന്ന പൊതുജനങ്ങൾക്ക് സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യം ഉണ്ടായാൽ ജില്ലാ മെഡിക്കൽ ബോർഡ് നല്കുന്ന അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായി (പരമാവധി രണ്ട് ലക്ഷം രൂപ) ആശ്വാസ ധനസഹായമായി ലഭിയ്ക്കുന്നതിന് അർഹതയുണ്ട്.<br><br>അപകടം സംബന്ധിച്ച കെ.എസ്.ഇ.ബി ലിമിറ്റഡിൽ നിലവിലുള്ള വൈദ്യുതി സുരക്ഷാ പദ്ധതി പ്രകാരം ആശ്വാസ ധനസഹായത്തിന്റെ അർഹത പരിശോധിക്കുന്നതിനായി അപകടത്തിന്റെ പ്രഥമ വിവര റിപ്പോർട്ട്, സൈറ്റ് മഹസ്സർ, അപകടത്തിന്റെ വിശദ വിവര റിപ്പോർട്ട്, എന്നീ രേഖകൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഡിവിഷൻ ഓഫീസിൽ നിന്നും ലഭിക്ക ന്നതനുസരിച്ച ആശ്വാസ ധനസഹായത്തിന്റെ അർഹത പരിശോധിച്ച അർഹതയുള്ളതാണെന്നു തെളിയുന്ന പക്ഷം അനന്തരവകാശികൾക്ക് ആശ്വാസ ധനസഹായം അനുവദിക്കുന്നതാണ്. |
| (ബി) | തിരുവല്ല താലൂക്കിൽ നിരണം വില്ലേജിൽ പാലയ്ക്കൽ വീട്ടിൽ പ്രസന്നകുമാർ 15-11-2024 ൽ പൊട്ടിവീണ ഇലക്ട്രിക്ക് ലൈനിൽ നിന്ന് ഷോക്കേറ്റ് മരണപ്പെട്ടത് സംബന്ധിച്ച് എന്തെങ്കിലും നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് ലഭ്യമാക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | തിരുവല്ല താലൂക്കിൽ നിരണം വില്ലേജിൽ പാലയ്ക്കൽ വീട്ടിൽ പ്രസന്നകുമാർ 15.11.2024-ൽ പൊട്ടിവീണ ഇലക്ട്രിക് ലൈനിൽ നിന്ന് ഷോക്കേറ്റ് മരണപ്പെട്ടതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം നൽകിയിട്ടില്ല. നഷ്ടപരിഹാരം ലഭിക്കുന്നതിനായി തിരുവല്ല ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസിൽനിന്നും ചീഫ് പേഴ്സണൽ ഓഫീസിലേക്ക്, ആക്സിഡന്റിന്റെ |

വിശദമായ റിപ്പോർട്ട്, ഫോം എ, സൈറ്റ് മഹസർ എന്നിവ അയച്ചു കൊടുത്തിട്ടുണ്ട്. കെ.എസ്.ഇ.ബി-യുടെ വൈദ്യുതി സുരക്ഷാ പദ്ധതി പ്രകാരം ആശ്വാസ ധനസഹായത്തിനായി തിരുവല്ല ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 17.01.2025-ൽ നൽകിയ കത്ത് 20.01.2025-ന് ചീഫ് പേഴ്സണൽ ഓഫീസറുടെ കാര്യാലയത്തിൽ ലഭിച്ചു. താഴെപ്പറയുന്ന രേഖകൾ കൂടി തുടർ നടപടികൾക്കായി ആവശ്യപ്പെട്ടു കൊണ്ട് തിരുവല്ല ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിരുന്നു.

1. മരണ സർട്ടിഫിക്കറ്റിന്റെ അസ്സൽ.

2. പോലീസ് എഫ്. ഐ. ആർ (പോലീസ് അധികാരികൾ സാക്ഷ്യപ്പെടുത്തിയ പകർപ്പ്)

3. പോലീസ് ഇൻക്വസ്റ്റ് റിപ്പോർട്ടിന്റെ പോലീസ് അധികാരികൾ സാക്ഷ്യപ്പെടുത്തിയ പകർപ്പ് .

4. പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റ് (പോലീസ് അധികാരികൾ സാക്ഷ്യപ്പെടുത്തിയ പകർപ്പ്)

5. തഹസിൽദാർ നൽകുന്ന അനന്തരാവകാശ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ അസ്സൽ

6. അനന്തരാവകാശ സർട്ടിഫിക്കറ്റിൽ ഒന്നിൽ കൂടുതൽ അവകാശികൾ ഉണ്ടെങ്കിൽ, ധനസഹായം കൈപ്പറ്റുന്നതിന് ഒരാളെ ചുമതലപ്പെടുത്തിക്കൊണ്ട് അനന്തരാവകാശ സർട്ടിഫിക്കറ്റിൽ സൂചിപ്പിച്ചിട്ടുള്ള മറ്റുള്ളവർ ഒരു നോട്ടറി പബ്ലിക്കിനു മുൻപാകെ ഒപ്പിട്ടു നൽകിയ സമ്മത സത്യവാങ്ങ്മൂലത്തിന്റെ അസ്സൽ.

മേൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾ ഇതുവരെ ലഭ്യമാക്കിയിട്ടില്ല എന്ന് അറിയിച്ചിട്ടുള്ളതും ലഭ്യമാകുന്ന മുറയ്ക്ക് ആയതിലെ പരാമർശങ്ങൾക്ക് വിധേയമായും ആശ്വാസ ധനസഹായം അനുവദിക്കുന്നതിന് പരിഗണിക്കേണ്ടുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ബോർഡ് ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും ആശ്വാസ ധനസഹായം അനുവദിക്കുന്നതാണ് .

സെക്ഷൻ ഓഫീസർ